# L.S.N.G.H.S.S

OTTAPALAM

# ഉണർവ്
# 2019



ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

എൽ.എസ്.എൻ ജി.എച്ച്.എസ്.എസ്, ഒറ്റപ്പാലം

# ആമുഖം

സഹൃദയരേ,

ആധുനിക പഠന മുറികളിൽ അദ്ധ്യാപകർക്ക് കൈത്താങ്ങായി നിൽക്കാനും സാങ്കേതികതയിൽ കൂടുതൽ പരിജ്ഞാനം ലഭിക്കുന്നതിനും വേണ്ടി കൈറ്റ് രൂപകല്പന ചെയ്ത വിദ്യാർത്ഥി സംഘടനയാണ് ലിറ്റിൽ കൈറ്റ്സ് എന്നതിനെക്കുറിച്ച് നിങ്ങൾ ഇന്ന് ബോധവാന്മാരായിരിക്കും. മലയാളം ടൈപ്പ്റൈറ്റിംഗ്, എഡിറ്റിംഗ്, ഫോട്ടോഷോപ്പ്, എന്നീ മേഖലകളിൽ പരിശീലനം ലഭിച്ച വിദ്യാർത്ഥകളുടെ മേൽ നോട്ടത്തിൽ ഡിജിറ്റൽ മാസിക രൂപത്തിൽ നിങ്ങൾക്കുമുമ്പിൽ എത്തിക്കുക എന്ന ദൗത്യമാണ് ഇപ്പോൾ പൂർത്തീകരിക്കപ്പെടുന്നത് . വിദ്യാർത്ഥികൾ രൂപകല്പന ചെയ്ത ഈ ഡിജിറ്റൽ മാസിക സാങ്കേതിക വിദ്യയിൽ ലഭിച്ച പ്രാവീണ്യത്തിന്റെ പ്രതിഫലനമാണ് . വിദ്യാർത്ഥികളുടെ മലയാളം കമ്പ്യൂട്ടിങ്ങിലുള്ള മികവ് വർദ്ധിപ്പിക്കുന്നതിന് വേണ്ടി കഥകൾ , കവിതകൾ, ലേഖനങ്ങൾ, ഉപന്യാസങ്ങൾ, ചിത്രങ്ങൾ, തുടങ്ങിയവ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു . പ്രകൃതിയെ അടുത്തറിയാൻ പ്രേരിപ്പിക്കുന്ന ഈ മാസിക പ്രേക്ഷക സമക്ഷം സമർപ്പിക്കുന്നു.

# ഉള്ളടക്കം

ആമുഖം........................................................................ 1
മാനേജരുടെ സന്ദേശം.......................................................... 2
ഹെഡ്മിസ്ട്രസിന്റെ സന്ദേശം.................................................. 3
പ്രകൃതിയാം അമ്മ................................................................ 4
ജന്മഭൂമിക്കായ്.................................................................... 5
പരിസ്ഥിതി ദിനാഘോഷം........................................................ 6
വേനൽ.............................................................................. 7
കഥ.................................................................................. 8
വായനദിനം........................................................................ 9
പ്രളയം.............................................................................. 10
അമ്മമനസ്സ്........................................................................ 11
മാതൃസ്നേഹം...................................................................... 12
എന്റെഗുരു......................................................................... 13
കോപം വരാത്ത മനുഷ്യൻ....................................................... 14
മലയാളം വഴി മാറുന്നു.......................................................... 15
ശാസ്ത്ര മേള....................................................................... 16
കവിത............................................................................... 17
ഓർമ്മകൾ.......................................................................... 18
ജ്യോതിസ്.......................................................................... 19
അപരിചിതൻ....................................................................... 20
ഒരിക്കലും മായാത്ത ഓർമ്മ..................................................... 21
വിദ്യാലയ ഉദ്യാനം................................................................ 22
സ്വാതന്ത്ര്യത്തിന്റെ സൗന്ദര്യം.................................................... 23
ഞാൻ................................................................................ 24
വിളക്ക് കാണാൻ.................................................................. 25
കഥ അവൾ ഒറ്റക്കായിരുന്നു ................................................... 26
വികസനത്തിന്റെ പാതയിൽ.................................................... 27
നിലവിളക്ക്........................................................................ 28
റോഡ് സുരക്ഷ ബോധവൽക്കരണം.......................................... 29
ഞാനും എന്റെ കുടുംബവും..................................................... 30
വയോധികർക്കായ്................................................................ 31

Phone : 0466-2244393

*The Apostalic Carmel,*
*Lady Immaculate Convent,*
Ottapalam - 679 102
Kerala



Date : 16. 01. 2019

പ്രിയ വിദ്യാർത്ഥിനികളെ,

ഭാവങ്ങൾ മനസ്സിലുള്ളവയെ വെളിവാക്കുന്നു. പല രൂപങ്ങളിലേക്കായി അവയെ രൂപാന്തരപ്പെടുത്തുന്നു. അവ മൂടൽമഞ്ഞിനെ തള്ളിക്കയറ്റിക്കൊണ്ട് അതിരുകളില്ലാ ആകാശത്തിലേക്ക് കുതിക്കുന്നു. ഉള്ളിൽ ഓർമ്മകൾ ഉപേക്ഷിച്ചു കൊണ്ട് ജീവിതയാത്രയിൽ മനസ്സിന്റെ മഴവിൽ നിറങ്ങളെ കൂട്ടിക്കലർത്തിക്കൊണ്ട് അവ ഒഴുകുന്നു........

പ്രിയ വിദ്യാർത്ഥിനികളെ ശാസ്ത്ര വിവര സാങ്കേതിക-വിദ്യ ദ്രുതഗതിയിൽ വികസിച്ചു കൊണ്ടിരിക്കുന്ന ഈ വേളയിൽ ലിറ്റിൽ കൈറ്റ്സ് ഗ്രൂപ്പിലേക്ക് ചേർന്ന നിങ്ങൾക്ക് അഭിനന്ദനങ്ങൾ...... സ്കൂളിന്റെ ഉള്ളിലും പുറത്തും ഓടി നടക്കുന്ന ചുറുചുറുക്കുള്ള നിങ്ങളുടെ സർഗ്ഗാത്മക ശക്തി - ക്രിയാത്മക ശക്തി അനുദിനം വളരട്ടെയെന്ന് ആശംസിക്കുന്നു. ലിറ്റിൽ കൈറ്റ്സിന് അതിന്റെ പ്രവർത്തനങ്ങൾക്കും ആശംസ നേരുന്നു.

# L.S.N. GIRLS' HIGHER SECONDARY SCHOOL

OTTAPALAM, PALAKKAD (Dist.)
Kerala. Pin : 679 102. Phone : 0466-2247290



Date 16. 01. 2019

പ്രിയ വിദ്യാർത്ഥിനികളെ,

നൂതനസാങ്കേതിക വിദ്യയുടെ സഹായത്തോടെ വിദ്യാലയങ്ങളിൽ പൊതുവിദ്യാഭ്യാസവകുപ്പ് നടപ്പിലാക്കിയ 'ലിറ്റിൽ കൈറ്റ്സ്' എന്ന പദ്ധതി നമ്മുടെ വിദ്യാലയത്തിലും സജീവമായി പ്രവർത്തിച്ചുവരുന്നു. വിദ്യാലയത്തിനും പൊതുസമൂഹത്തിനും സാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ ലഭ്യമാക്കുന്നതിന് നടത്തുന്ന പല പ്രവർത്തനങ്ങളിൽ ഒന്നായ, 'സ്കൂൾ മാഗസിൻ' എന്ന ഈ പ്രവർത്തനത്തിന് 'ലിറ്റിൽ കൈറ്റ്സ്' ടീമിന് എല്ലാ ആശംസകളും നേരുന്നു.

L.S.N. Girls Higher Secondary School * Ottapalam * Date:.............

Alphonsa E.A

Head Mistress
L.S.N. Girls High School
Ottapalam

# ഓർമ്മിക്കുക എന്നും

പ്രഭാതത്തിൽ കിരണങ്ങൾ പതിക്കുന്ന ചില്ലകൾ
മാഞ്ഞുപോയെങ്ങോ മാഞ്ഞുപോയി
കുട്ടികൾതൻ ചിരികണ്ടു രസിക്കുന്ന ചില്ലകളെങ്ങോ
മാഞ്ഞുപോയി........
കിളികൾ കരയുന്ന അണ്ണാൻ ചിലക്കുന്ന വസന്തകാലമി-
ന്നോർമകൾ മാത്രം.
മനുഷ്യകർമത്തിൽ പ്രതിഫലമായിട്ടനുഭവിപ്പി-
ന്നു മനുഷ്യകർമ്മത്തിൽ പ്രതിഫലമായിട്ടാനുഭവിപ്പി
ന്നു മനുഷ്യർതന്നെ
എന്തിനീച്ചെയ്യുന്നനാമിന്നുമിങ്ങനെ
ആർക്കുവേണ്ടിയെന്നും ആർക്കുവേണ്ടി?
നഷ്ടമിതെങ്ങും നമുക്കുതന്നെ
ഇടിമുഴക്കത്തോടെ പൊട്ടിപുറപ്പിടും പേമാരിയും
ജീവചാലങ്ങൾതൻ ഭവനങ്ങളായും മാറുന്നവാപട വൃക്ഷങ്ങളെന്നും
പച്ചവിരിച്ച തണൽനൽകുമാപടവൃക്ഷങ്ങളെങ്ങു മാഞ്ഞുപോയി
ഇനിവരും തലമുറ വറ്റിവരളുന്നു
ദാഹജലത്തിനായ് അലയും മനുഷ്യരും
ഒരായിരം ജീവൻെറ വേരുകളാണാവൃക്ഷ-
ങ്ങളെന്നു നാം ഓർമ്മിക്കണം.

## ഒരിക്കലും തിരിച്ചു കിട്ടാത്ത ആ പോയ കാലത്തിന്റെ മധുരം ഞാനിന്നു നുകർന്നു.

മുത്തശ്ശിമാർ പറഞ്ഞു കേട്ടതല്ലാതെ വാഴയില ചൂടി മഴയിൽ നടന്ന അനുഭവം എനിക്കില്ല.എന്നാലിന്നാദ്യമായി ഒരു ചേമ്പിന്റെ ഇല ചൂടി മഴയത്ത് കളിച്ചു.ഉച്ചയ്ക്ക് അമ്മ നല്ല ഉറക്കമാണ്.ഞാൻ വാതിലടച്ച് പുറത്തു വന്നിരുന്നു.രാജ്ഞിയുടെ പൊട്ടിയ മുത്തുമണികൾ രാജാവിന്റെ തലയണയ്ക്കടിയിൽ നിന്ന് ഭൂമിയെ സ്പർശിക്കാൻ ഒരുങ്ങുന്നത് ഞാനറിഞ്ഞു.വൈദ്യുതി കണക്ഷൻ ഊരിയിട്ടു.അപ്പോളാണ് ഈ രത്നത്തെ ഏറ്റുവാങ്ങിയ ഇലകൾ ആനന്ദിച്ച് ഉല്ലസിക്കുന്നത്.ആ സ്വർ ഗത്തിൽ നിന്ന് ഞാൻ ഒന്നിനെ അടർത്തിമാറ്റി.എന്നിട്ട് വീടിന് ചുറ്റും ഓടിക്കളിടച്ചു അന്നു ഞാൻ പുതു മഴയുടെയും അനുസരണയുടേതുമായി മാറി .അത്രയും കാലം വെറുത്ത മഴയെ അന്നു ഞാൻ സ്നേഹിക്കാൻ തുടങ്ങി.............മഴയെ വെറുക്കുക എന്നതിനെക്കാൾനല്ലത് എനിക്ക് മഴയെ പേടിയാണ് എന്നു പറയുന്നതാണ്.ഒരുപക്ഷേ അതിനു കാരണം ചെറുപ്പത്തിൽ അമ്മമ്മ പറഞ്ഞ നുണക്കഥകളാകാം.എന്നാലിന്നെനിക്ക് ആ പേടിയില്ല.ഏതോ ഒരു സന്ദർഭത്തിൽ അവളെന്റെ കൂട്ടുകാരിയായി മാറി.

അന്ന് അവൾ പിരിഞ്ഞുപോകുമ്പോൾ ആകാശത്ത് ഏഴു വർണ്ണങ്ങൾ കൊണ്ടെഴുതി...."ഞാൻ എന്നും നിന്നെ സ്നേഹിക്കുന്നു.ഇന്ന് അണഞ്ഞ മെഴുതിരി സ്നേഹത്തിന്റെ കനൽ നിന്നിൽ എരിഞ്ഞുതീരരുത്. പൂർവാധികം ശക്തിയോടെ ഞാൻ നിന്നെ കാണാൻ വരും ."

# ഓർമ്മകൾ

ചിതലരിച്ച  മസ്തിഷ്കത്തിലെ
നിറം മങ്ങിയ ചിന്തകൾ
കൊഴിഞ്ഞു  പോയ വസന്തത്തിലേക്ക്
ഒന്നെത്തി നോക്കി
ചിന്തകൾ അശ്വങ്ങളായ് മാറിയ
യൗവ്വനം ഉള്ളിൽ ആനന്ദനൃത്തമാടി
സുഖമേകും ഓർമ്മകൾ എന്നിൽ
സ്വപ്നങ്ങളായ് പറന്നുയർന്നു
ചിറകുകൾ വിടർത്തിയാടിടും
ഒരു ശലഭമായ് ഞാൻ മാറി

# എന്റെ ഗുരു

നന്മകൾ  ചൊരിയും എന്റെ ഗുരു
അറിവിൻ വഴികളിൽ കൈപിടിച്ച
നടത്തിടും എന്റെ ഗുരു
തെറ്റ് ചെയ്യുമ്പോൾ ശിക്ഷിച്ചിടും
സ്നേഹമുള്ള എന്റെ ഗുരു
ഞാൻ വേദനിച്ചാൽ ആശ്വസിപ്പിച്ചിടും
എന്റെ മറ്റൊരമ്മയെപോൽ

അറിവിന് സോപാനങ്ങൾ
ചവിട്ടി കയറുവാൻ  എന്നും
താങ്ങായി നിന്നിടും എന്റെ ഗുരു
നല്ല പെരുമാറ്റമെന്നെ പഠിപ്പിക്കും
വാൽസല്യനിധിയായ അമ്മയേപ്പോൽ

സ്നേഹവും കരുണയും ചൊല്ലി തന്നിടും
ഇഷ്ടമേറുന്ന  എൻ  അമ്മയേപോൽ
എന്റെ അമ്മയായും ഗുരുവായും കൂട്ടുകാരിയായും
എന്നും താങ്ങായി തണലായി
കൂടെ  നിൽക്കും  എൻ  ഗുരു

# കോപം വരാത്ത മനുഷ്യൻ

പണ്ട് ഒരു ഗ്രാമത്തിൽ ഋഷികേശൻ എന്ന ഒരു യുവാവ് താമസിച്ചിരുന്നു. കണ്ടാൽ പാവമെന്നു തോന്നിക്കുന്ന മുഖഛായ. പക്ഷെ മനസ്സിൽ അഹങ്കാരം കുമിഞ്ഞുക്കൂടികിടന്നിരുന്നു. അച്ഛന്റെ പണം കട്ടെടുത്ത് കൂട്ടുകാരോടൊപ്പം ചൂത് കളിക്കുമ്പോൾ കൂട്ടുകാർ പിറുപിറുക്കുന്നത് ഋഷികേശൻ ശ്രദ്ധിച്ചു. "ചന്തയിൽ ഒരു നെയ്ത്തുക്കാരനുണ്ട്. അയാൾക്ക് ദേഷ്യം വരില്ല്യത്രേ" . അത് കേട്ട യുവാവ് ചിന്താകുലനായി. പെട്ടെന്ന് അവന്റെ കൂട്ടുകാരിൽ ഒരുവൻ പറഞ്ഞു. "ആ നെയ്ത്തുകാരനെ ദേഷ്യം പിടിപ്പിച്ചാൽ നിനക്ക് പത്ത് സ്വർണ്ണനാണയം തരാം. ഇതുകേട്ട് ആർത്തിമൂത്ത ഋഷികേശൻ ചന്തയിലേക്ക് പാഞ്ഞു. അവൻ നെയ്ത്തുക്കാരന്റെ അടുത്തെത്തി ചോദിച്ചു: "നിങ്ങളുടെ കൈയ്യിലെ ഏറ്റവും വിലയേറിയ വസ്ത്രം തരൂ.." നെയ്ത്തുകാരൻ ഒരു വസ്ത്രമെടുത്ത് കൊടുത്തു. "എന്താണിതിന്റെ വില? "ഋഷികേശൻ ചോദിച്ചു. നെയ്ത്തുകാരൻ ഒരു വില പറഞ്ഞു. പെട്ടെന്നുതന്നെ യുവാവ് ആ വിലയേറിയ വസ്ത്രം വലിച്ചുകീറി. എന്നിട്ട് ചോദിച്ചു " ഇപ്പോൾ ഇതിന്റെ വിലയോ?" "ഇതിന്റെ പകുതി വില" നെയ്ത്തുകാരൻ തിരിച്ചുപറഞ്ഞു. യുവാവ് വസ്ത്രം കീറിപറിച്ച് കഷണങ്ങളാക്കി എന്നിട്ട് ചോദിച്ചു . "ഇപ്പോഴോ?" നെയ്ത്തുകാരൻ പുഞ്ചിരിച്ചു. എന്നിട്ടു പറഞ്ഞു" ഇപ്പോൾ ഇതിനു വിലയില്ല". യുവാവ് കുറയെ പണമെടുത്ത് നെയ്ത്തുകാരന്റെ മുമ്പിൽ വെച്ചു. "ഇതാ അതിന്റെ വിലയുടെ ഇരട്ടിയുണ്ട്. വെലിച്ചുകീറിയതിന് പ്രതിഫലമായി എടുത്തോളൂ." "വേണ്ട ആ ഉപയോഗിക്കാത്ത വസ്ത്രത്തിന് ഞാൻ കൂലി വാങ്ങാറില്ല. താങ്കൾ തരുന്ന ഈ പണം, അധ്വാനിച്ചുണ്ടാക്കിയതാണോ? അധ്വാനിക്കുന്നവന് മാത്രമേ എന്തിന്റെയും വിലയറിയൂ." യുവാവ് നെയ്ത്തുകാരന്റെ കാലിൽ വീണ് മാപ്പ് ചോദിച്ചു. അവന് തന്റെ അഹങ്കാരത്തിന്റെ ഫലം മനസ്സിലായി.

എന്ന്

ആർദ്ര കെ

8 എ

# പരിസ്ഥിതി ദിനാഘോഷം


World Environment Day.....
4R Concept
"Deforestation is changing our climate, harming people and the natural World. We must, and can, reverse this trend."
Save Tree Save Life
Reduce
Reuse
Refuse
Recycle
Say No No No To Plastic!


L.S.N. GIRLS HIGHER SECONDARY SCHOOL
L.S.N.G.H.S. OTTAPALAM UNIT
ലോകപരിസ്ഥിതിദിനം
JUNE 5


WORLD ENVIRONMENT DAY
BEAT PLASTIC POLUTION
PLASTIC POLUTION

# സ്വാതന്ത്ര്യത്തിൻ സൗന്ദര്യം

അനുവഭവിച്ചറിയൂ....സ്വാതന്ത്ര്യം തൻ സൗന്ദര്യം

ദുരുപയോഗം ചെയ്യരുതെ

നമ്മുടെ പിതാക്കൾ നമ്മുക്ക്

സമ്മാനിച്ച തന്ന സ്വാതന്ത്ര്യം

നമ്മുക്ക് വേണ്ടി പിതാക്കൾ സഹിച്ച ത്യാഗം

കാത്തു സൂക്ഷിക്കു.....

സ്വാതന്ത്ര്യം തൻ പവിത്രത

ഈ ലോകം തിരിച്ചറിയൂ....

സ്വാതന്ത്ര്യം തൻ സൗന്ദര്യം

മഹാത്മാക്കൾ നമ്മുക്ക് നേടിത്തന്ന

സ്വാതന്ത്ര്യത്തിന്റെ വില തിരിച്ചറിയൂ....

അനുഭവിച്ചറിയൂ....സ്വാതന്ത്ര്യം തൻ സൗന്ദര്യം

നൂറ പി.വി

8.എ

# ഞാൻ

ചിലർക്കു ഞാൻ ദുഃഖങ്ങൾ തീർക്കുവാൻ ഉള്ളവൾ
ചിലർക്കു ഞാൻ മനോജ്ഞത മാത്രം
ചിലർക്കു ഞാൻ കവിത എഴുതാൻ  ഉള്ളവൾ
ചിലർക്കു ഞാൻ വാസസ്ഥലം
ചിലർക്കു ഞാൻ ദൈവവരദാനം
ചിലർക്കു ഞാൻ അസഹിഷ്ണത
ചിലർക്കു ഞാൻ കളിതോഴി
സത്യത്തിൽ ഞാൻ ആരെന്ന് ആർക്കും അറിയില്ല
ഞാൻ നിന്റെ ഞരമ്പുകളാണ്
നീ എന്നെ  പിഴിതെറിയുമ്പോൾ
ഓർക്കുക പിന്നെ നീ വെറും ഒരു കീടം
കാരണം ഞാൻ ഉൽഭവിക്കുന്നത്
നിന്റെ ഹൃദയത്തിൽ നിന്നാണ്

അനശ്വര പി പി
6 A

# വായനാദിന പോസ്റ്റർ


9A
ജൂൺ 19
വായനാ ദിനം
"വായിച്ചാൽ വളരും
വായിച്ചില്ലെങ്കിലും വളരും,
വായിച്ചാൽ വിളയും
വായിച്ചില്ലെങ്കിൽ വളയും"
Reading Day

# അവൾ ഒറ്റക്കായിരുന്നു.......



കൊച്ചി നഗരത്തിലെ ഒരു ചേരിയിൽ ഒരു കൊച്ചു വീട്ടിലെ നാല് ചുമരുകൾക്കുള്ളിൽ അവൾ ഒറ്റക്കായിരുന്നു. കുസൃതിക്കാരിയും അമ്മയുടെ പൊന്നോമനയും ആയിരുന്ന നന്ദിനി. അവളുടെ അമ്മ ഒരു വീട്ടു ജോലിക്കാരി ആയിരുന്നു.ഒരോ വീട്ടിലേയും ചപ്പുചവറുകൾക്കിടയിൽ ദിവസം തീർത്താണ് അവരുടെ ജീവിതം നീങ്ങിപോയിരുന്നത്. നന്ദിനിയുടെ അച്ഛൻ ചെറുപ്പത്തിൽ തന്നെ മരിച്ചിരുന്നു. പീന്നിട് അവളുടെ അമ്മ ജീവിക്കുന്നത് അവൾക്ക് വേണ്ടി മാത്രമാണ്. അതുകൊണ്ട് തന്നെ നന്ദിനി പഠനത്തിൽ ഏറെ മുമ്പിൽ അയിരുന്നു .അന്ന് പതിവ് പോലെ അവളുടെ അമ്മ ജോലിക്ക് പോയി. സ്കൂൾ അവധിയായതിനാൽ നന്ദിനി വീട്ടിൽ തന്നെ ഉണ്ടായിരുന്നു.അമ്മയെ യാത്രയയച്ച് അവൾ പഠിക്കാൻ തുടങ്ങി. അവൾ തന്റെ ജീവിതത്തെ കുറിച്ചുള്ള ആലോചനയിൽ മുഴുകി.അവളുടെ ജീവിതത്തിലെ ഊരാകുരുക്കുകളും അവയെ ഉറക്കാനുള്ള വഴികളും....പെട്ടെന്ന് അടുക്കളയിൽ നിന്ന് എന്തോ ശബ്ദം കേട്ടാണ് അവൾ ഉണർന്നത്.പലപ്പോഴും അവൾ ഇത്തരം ചിന്തകളിൽ തെന്നിവീഴാറുണ്ട്. ചുരുക്കത്തിൽ അത് അവൾക്ക് ഒരു അനുഗ്രഹമാണ്.തന്റെ ജീവിതത്തെ മാറ്റിമറിക്കണം എന്ന ഉത്സാഹത്തോടെ അവൾ മുന്നേറുന്നു.പെട്ടെന്നാണ് ആരോ വാതിലിൽ കൊട്ടുന്ന ശബ്ദം കേട്ടത്. അവൾ ജനാലയിലൂടെ നോക്കി അത് അവൾക്ക് പരിചിതമായ മുഖമായിരുന്നു.അവൾ വാതിൽ തുറന്നു അയാൾ അവളോട് അല്പം വെള്ളം ആവശ്യപ്പെട്ടു. വെള്ളം എടുക്കാനായി തിരിഞ്ഞ അവളുടെ തലയിൽ എന്തോ ഭാരമുള്ള വസ്തു തട്ടി അവൾ ബോധരഹിതയായി....പിന്നീട് അവൾ കണ്ടത് നെഞ്ച് തല്ലി കരയുന്ന അമ്മയേയും വസ്ത്രങ്ങൾ കീറി പറഞ്ഞ് ശരീരഭാഗങ്ങളിൽ നിന്ന് ചോര പൊടിയുന്ന തന്നെയും ആണ്. അവൾ പീഡിപ്പിക്കപെട്ടിരുന്നു.അന്ന് വരെ നാടിന്റെ പൊന്നോമനയായിരുന്ന നന്ദിനി ആവീട്ടിലെ ചുമരുകൾക്കുള്ളിൾ അകപ്പെട്ടു. സൂര്യനെ കാണാതെ .......മഴ അറിയാതെ.........ഇതെല്ലാം കണ്ടുകൊണ്ടു നിന്ന അവളുടെ അമ്മയുടെ മനസ്സ് വിങ്ങുകയായിരുന്നു........ പൊട്ടിചിതറുകയായിരുന്നു.... മകളുടെ നീതിക്ക് വേണ്ടി അവർ അലഞ്ഞു.......നന്ദിനിയുടെ ജീവിതം അന്ന് അവസാനിച്ചു. അന്ന് അവൾ ഒറ്റക്കായിരുന്നപ്പോൾ......

കൃഷ്ണശ്രീ .എൻ
IX.C

# വികസനത്തിന്റെ പാതയിൽ.........

ഒരുപാട് നല്ല അനുഭവങ്ങൾ ലഭിച്ചാൽ മാത്രമാണ് ജീവിതത്തിന് അർഥമുണ്ടാകുന്നത് എന്ന കേട്ടിട്ടുണ്ട്. നല്ല ഒരു അനുഭവം എന്ന കേട്ടപ്പോൾ ഈ അടുത്തുണ്ടായ ഒരു അനുഭവമാണ് മനസ്സിൽ ഓടിയെത്തിയത്. ശരിയായി പറഞ്ഞാൽ പപ്പക്കുണ്ടായ ഒരു ദുരനുഭവമാണ്.

ഇടക്ക് ചില ഒഴിവു സമയങ്ങളിൽ പപ്പ ഞങ്ങളെയും കൊണ്ട് വിശാലമായ ഒരു പാടത്ത് കൊണ്ട് പോകുമായിരുന്നു. ഞാൻ അവസാനമായി അവിടെ എത്തിയത് 5 ൽ പഠിക്കുമ്പോഴാണ്. അന്ന തന്നെ പാടത്ത് കൃഷിയെന്നുമില്ലായിരുന്നു. എന്നാലും പപ്പ കളിച്ചു വളർന്ന പാടവും വഴക്കിട്ട വന്നിരിക്കാറുള്ള വരമ്പും വല്ല്യച്ഛനെ നഷ്ടപ്പെടുത്തിയ പാടത്തിന്റെ അറ്റത്തെ മുക്ക് എന്നും ഞങ്ങൾക്ക് പ്രിയപ്പെട്ടതാണ് . വെയിൽ ചാഞ്ഞാൽ മഴപെയ്യുമ്പോൾ രൂപപ്പെടുന്ന നീർച്ചാലുകളും, സൗന്ദര്യമുള്ള ചെടികളും, മീൻ കുഞ്ഞുങ്ങളും, എല്ലാം എന്റെ മനസ്സിൽ ഇന്നും നിറഞ്ഞു നിൽക്കുന്നു.

അവിടെ എത്തിയാൽ പപ്പക്ക് എന്റേതാണെന്ന ഒരു ഭാവം. പപ്പ നട്ട മാവിൻ ചുവട്ടിൽ ഇരിക്കുമ്പോൾ പറയാറുള്ള പഴങ്കഥകൾ അവസാനം വല്ല്യച്ഛനെ ഓർത്തുള്ള തേങ്ങി കരച്ചിൽ എല്ലാം ഇന്ന് ഓർമയായിരിക്കുന്നു.

കുറച്ച് വർഷങ്ങൾക്കു ശേഷം പഴയ ഓർമ്മകളോടെ അവിടെ എത്തിയ ഞങ്ങൾ ഞെട്ടി.പാടം നികത്തി മണ്ണിട്ട് വീടുകൾ പണിഞ്ഞുകൊണ്ടിരിക്കുന്നു. അങ്ങനെ ഓർമ്മകളിൽ മാത്രം ആയി പപ്പയുടെ അഹങ്കാരം ആയ പാടം. മാവിന്റെ സ്ഥാനത്ത് ഒരു ഇലക്ടിക്കൽ പോസറ്റ് .വിശപ്പ് സഹിക്കാനാവാതെ അമ്മയെ ചീത്തവിളിച്ച തന്റെ ചേച്ചിയുടെ കൈയും പിടിച്ച് കിണറ്റിൽ ചാടി ജീവൻ ഒടുക്കാൻ പലതവണവന്നെത്തിയ ഒരു പൊട്ടകിണർ അത് മാത്രം വൃത്തിഹീനമായ സകലതും കൊണ്ട് നിറച്ച് അവിടെ ഭാക്കിവെച്ചിരിക്കുന്നു.വീട്ടിൽ ഞാനും പപ്പയും ഏറെ സങ്കടത്തോടെയാണ് തിരിച്ചെത്തിയത്. അമ്മായിയെ കണ്ട് വിവരം പറയുന്നത് വരെ പപ്പ ചിരിച്ചിട്ടില്ല. ഓരോ വയലും എന്നെ അത് ഓർമ്മിപ്പിക്കുന്നു.

വികസനത്തിലൂടെ ഒരുപാട് ഓർമ്മകൾ നശിക്കും എന്ന പുതിയ ഒരു അനുഭവം എനിക്ക് അന്ന് ലഭിച്ചു.അനുഭവങ്ങളെല്ലാം ജീവിതത്തിലേക്കുള്ള ചവിട്ടു പടികളാണ്.എല്ലാത്തിൽ നിന്നും ഒരു അനുഭവം പഠിക്കണം എന്ന് എവിടെയോ കേട്ടതായി ഞാൻ ഓർക്കുന്നു...

നന്ദന പി എസ്

9 c

# റോഡ് സുരക്ഷാബോധവൽക്കരണം

ഗതാഗത സൗകര്യങ്ങൾ എത്രമാത്രം വളർന്നുകൊണ്ടിരിക്കുന്നുവോ അത്ര വേഗത്തിൽ തന്നെ ഗതാഗത മേഖലയുമായി ബന്ധപ്പെട്ട അപകടങ്ങളുടെ തോതും വളർന്നുകൊണ്ടിരിക്കുന്ന ഒരു യുഗത്തിലാണ് നാമിന്നുജീവിക്കുന്നത്.റോഡപകടങ്ങളും ട്രെയ്ൻ, വിമാനദുരന്തങ്ങളും ഇന്നു പതിവു വാർത്തകളായിക്കഴിഞ്ഞിട്ടുണ്ട്. എന്നു തന്നെ പറയാം.ഇത്തരം ഗതാഗത സംബന്ധിയായ അപകടങ്ങൾ ഇന്ന് മാനവരാശി അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്നാണ്.റോഡപകടങ്ങൾ ഏറ്റവും കൂടുതൽ നടക്കുന്ന ഇന്ത്യൻ സംസ്ഥാനങ്ങളുടെ മുൻപന്തിയിലാണ് ഇന്ന്കേരളം.

ഗതാഗത നിയമങ്ങൾ പാലിക്കാതിരിക്കുക എന്നതാണ് റോഡപകടങ്ങളുടെ മുഖ്യകാരണം. റോഡിലൂടെ യാത്ര ചെയ്യുന്ന കാൽനടക്കാരുടെ അശ്രദ്ധ ഇുടങ്ങി ട്രാഫിക് നിയമലംഘനവും മദ്യപിച്ച് വണ്ടിയോടിക്കലിലും വരെ അതു നീളുന്നു.

നഗരവൽക്കരണം ഇന്ന് ത്വരിതഗതിയിൽ നടന്ന് വരുകയാണല്ലോ . കണടച്ച് ഉറക്കുന്ന വേഗത്തിലാണ് ഗ്രാമങ്ങൾ നഗരങ്ങളായി മാറികൊണ്ടിരിക്കുന്നത്.ആകെയുള്ള വാഹനങ്ങളിൽ പൊതുവെ ഇരുചക്രവാഹനങ്ങളാണ്. ഇവ തന്നെയാണ് കൂടുതൽ അപകടങ്ങളിൽപ്പെടുന്നതും

ഗതാഗതനിയമങ്ങൾ അനുസരിച്ച് വാഹനമോടിച്ചാൽ അപകടങ്ങൾ കുറയുമെന്ന് മുൻവിവിവരിച്ച വസ്തുകകളിൽ നിന്ന് വ്യക്തമായി.എന്നിരുന്നാലും റോഡുകളുടെ ശോച്യാവസ്ഥ മറ്റൊരു അപകടഭീഷണിയാണ്.പാലങ്ങൾ തകർത്തുള്ള അപകടങ്ങൾ,അപകടകാരിയായ വളവും തിരിവും,കുണ്ടിലും കുഴിയിലും ചാടിയുള്ള അപകടങ്ങൾ ഇതിനുദാഹരണങ്ങളാണ്.കേരളത്തിൽ താരതമ്യേന നല്ല റോഡുകൾഉണ്ടാക്കാനുള്ള ശ്രമങ്ങൾ ഇപ്പോൾ നടന്നുവരുന്നുണ്ടെന്നത് ഒരാശ്വാസമാണ്

ഒത്തൊരുമിച്ച് ശ്രമിച്ചാൽ നമുക്ക് റോഡപകടങ്ങൾ പരമാവധി കുറയ്ക്കാൻ കഴിയും.പക്ഷേ, നമ്മുടെ നാട്, റോഡപകടങ്ങൾ എന്ന വ്യാജേന കൊലപാതകം തന്നെ നടത്തുന്ന തരത്തിലേക്ക് മൂക്കുകുത്തി വീണിരിക്കുകയാണ്.സാക്ഷരരെന്ന് അഭിമാനിക്കുന്ന നാം നമ്മുടെ റോഡുകളെ കശാപ്പുശാലകൾ ആക്കാതിരിക്കാൻ പ്രതിജ്ഞ എടുത്തേ മതിയാവൂ.

വിസ്മയ കെ. വൈ.

8 B

# നിലവിളക്ക്

"ദീപജ്യോതി പര ബ്രഹ്മ,ദീപജ്യോതിജനാർദ്ദന

ദീപമേ ഹരതു പാപം ദീപ ജ്യോതി നമസ്തുതേ"

കേരളത്തിലെ വീടുകളിൽ സന്ധ്യ സമയംകത്തിച്ചുവയ്ക്കുന്ന പ്രത്യേകതരം വിളക്കാണ് നിലവിളക്ക്.എണ്ണയൊഴിച്ച് അതിൽ തുണി ,നൂൽ തുടങ്ങിയവയിട്ട് കത്തിക്കുന്ന ഭാഗം ഉയർന്ന് ഒന്നോ അതിലതികമോ നിലകളോട്ടുകൂടിയ വിളക്കിനെയാണ് നിലവിളക്ക് എന്ന് പറയുന്നത്. ആദ്യകാലത്ത് ഓടിൽ തീർത്തതായിരുന്ന നിലവിളക്കുകളെങ്കിലും,പിന്നീട് വിവിധ ലോഹങ്ങളിൽ നിലവിളക്കുകൾ ഉണ്ടാക്കിതുടങ്ങി.നിലകളായി കത്തിക്കാമെന്നതുകൊണ്ടാണ് ഈ പേര് വന്നതെന്ന് കരുതപ്പെടുന്നു.

ക്ഷേത്രങ്ങളിൽ ആരാധനയുടെ ഭാഗമായി വ്യാപകമായി നിലവിളക്ക് ഉപയോഗിക്കുന്നു.ഉദ്ഘാടനവും ,യോഗത്തിന് ആരംഭം കുറിക്കുന്നതിനും ഒക്കെ നിലവിളക്ക് കൊളുത്താറുണ്ട്.സന്ധ്യപൂജയ്ക്കായി മിക്ക ഹിന്ദുഗൃഹങ്ങളിലും നിലവിളക്ക് തെളിക്കുന്ന പതിവുണ്ട്.പ്രഭാതത്തിൽ ബ്രാഹ്മമുഹൂർത്തത്തിലും,വൈകിട്ട് വിഷ്ണു മുഹൂർത്തമായ ഗോധൂളി മുഹൂർത്തത്തിലുമാണ് നിലവിളക്ക് കൊളുത്തേണ്ടതെന്നാണ് വിശ്വാസം.വിളക്കിലെ തിരികൾ തെളിക്കുന്നതിനും പ്രത്യേക ചിട്ടകൾ കല്പിക്കപ്പെട്ടിരിക്കുന്നു. പ്രഭാതത്തിൽ കിഴക്കോട്ടും,പ്രദോഷത്തിൽ കിഴക്കും,പടിഞ്ഞാറും തിരിയേണ്ടതാണ്. തെക്കും,പടിഞ്ഞാറും കന്നിമൂലയിലുള്ള പൂജമുറിയിലാണ് നിലവിളക്ക് സ്ഥാപിക്കേണ്ടത്. കരിംതിരി കത്തി അണയുന്നത് അശുഭമാണ്. താന്ത്രികകർമങ്ങളിലും,അഷ്ടമംഗല പ്രശ്നത്തിലുമൊക്കെ നിലവിളക്കിനേറെ സാന്നിധ്യം അനിവാര്യമാണ്.നിലവിളക്കിൻെറ താഴെഭാഗം ബ്രഹ്മാവും , മധ്യത്തിൽ വിഷ്ണുവും, മുകൾഭാഗം ശിവനും, തിരിയെ പാർവതിയും, അഗ്നിയെ ലക്ഷ്മിയുമായിട്ടാണ് സങ്കൽപ്പം....

-അഖില.ആർ.കുറുപ്പ്.

# അണ്ണാറക്കണ്ണൻ

ഇന്ന് പതിവിലും നേരത്തെ ഉണർന്നു . വൈകിട്ട് മധുരം കഴിച്ചതുകൊണ്ടായിരിക്കാം. ഓലത്തുമ്പത്ത് ഇരുന്ന് താഴോട്ട് നോക്കിയപ്പോഴതാ പച്ചപ്പട്ടുപാവാടയും ഇട്ട് അമ്മിണിക്കുട്ടി വരുന്നു. കൈക്കുമ്പിളിൽ നെയ് പായസവും ഉണ്ട്.അലക്കുകല്ലിനടുത്ത് എന്റെ ഊൺ വിളമ്പുന്നിടത്ത് പായസം വെച്ച് അവൾ ഉറക്കെ വിളിച്ചു പറഞ്ഞു, "വേഗം വന്ന് കഴിച്ചോ ഇല്ലെങ്കിൽ ആ കാക്ക വരും ." അതും പറഞ്ഞ് അവൾ പോയി. ഞാൻ മിന്നൽ വേഗത്തിലാണ് താഴെ എത്തിയത് . എന്താ രുചി........ പായസം വെച്ചത് നാരായണൻ നമ്പൂതിരിയാണെന്ന് മണത്താൽ അറിയാം.

ഞാൻ ഉണർന്ന് തേക്കിന്റെ കൊമ്പത്ത് ഇരിക്കുമ്പോൾ അമ്മിണിക്കുട്ടി പാത്രം കഴുകുകയാണ്. എന്നെ കണ്ടതും ഇന്നലത്തെ ചോറ് എന്റെ ഊൺ മേശയിൽ കൊണ്ടുവന്നു വച്ചു. എന്നിട്ട് കഴുകിയ പാത്രങ്ങൾ എടുത്തുകൊണ്ട് അടുക്കളയിലേക്ക് പോയി. താഴെ വന്ന് 'മൃഷ്ടാന്നം' വെട്ടി വിഴുങ്ങാൻ ഞാൻ തയ്യാറെടുക്കുമ്പോൾ പതിവുപോലെ അവൾ ജനൽപ്പാളിയിലൂടെ ഒളിഞ്ഞുനോക്കി .അണ്ണാൻ കഴിക്കുന്നതു കാണാൻ ഒരു പ്രത്യേക രസമാണെന്ന് അവൾ അമ്മയോട് പറയുന്നത് പലതവണ ഞാൻ കേട്ടിട്ടുണ്ട്.

ചില്ലകളെല്ലാം ചാടിമറിഞ്ഞ് ക്ഷീണിച്ച് മുറ്റത്ത് നോക്കിയിരിക്കുമ്പോൾ അമ്മിണിയുടെ അച്ഛൻ ഒരു ആൺ കുട്ടിയേയും കൊണ്ട് വരുന്നതു കണ്ടു. അവനെ കണ്ടപാടെ അമ്മിണി എന്നെ മറന്നു. അച്ഛൻ ഊണു കഴിച്ച പാത്രം കഴുകാൻ അമ്മിണി വന്നപ്പോൾ ഞാൻ അടുത്തു ചെന്നിരുന്നു . പെട്ടന്ന് എന്തോ ഓർമ്മ വന്നപോലെ അവൾ അകത്തേക്ക് ഒരു ഓട്ടം . തിരിച്ചുവരുമ്പോൾ കൈയ്യിൽ എനിക്കുള്ള ചോറുണ്ടായിരുന്നു .ഞാൻ ഭക്ഷണം കഴിക്കുമ്പോൾ അവൾ അകത്ത് പോകാതെ ഞാൻ കഴിക്കുന്നതും നോക്കി ഇരുന്നു.അപ്പോൾ ആ ചെക്കൻ അമ്മിണിയുടെ അടുത്തേക്ക് വന്നു. ഞാൻ മുഴുവൻ ഉണ്ടു തീരുന്നതിന് മുമ്പ് അവൻ എന്നെ ഭയപ്പെടുത്തി ഓടിച്ചു.

വൈകുന്നേരത്ത്, ഞാൻ മാവിലൂടെ ഓടി ചാടി നടക്കുമ്പോൾ വീട്ടുകാരെല്ലാവരും മുറ്റത്തിരുന്ന് ചായയും പരിപ്പുവടയും കഴിക്കുകയായിരുന്നു. അമ്മ എന്റെ പങ്ക് തിണ്ണയിൽ വച്ചു. പരിപ്പുവടയും കൊണ്ട് ഞാൻ മാവിൽ കയറുമ്പോൾ ആ ചെക്കൻ മാവിൻചുവട്ടിൽ ഇരിക്കുന്നു. സന്ധ്യക്ക് അമ്മിണി വിളക്കുവയ്ക്കുമ്പോൾ ഞാൻ അമ്മയുടെ അടുത്ത് ഇരിക്കുകയായിരുന്ന്. രാത്രിയിൽ ഉറങ്ങാൻ കിടക്കുമ്പോൾ നടന്നതെല്ലാം ഞാൻ അമ്മയോട് പറഞ്ഞു. അമ്മ ഒന്ന് മൂളുക മാത്രമാണ് ചെയ്തത്. ശ്രീരാമൻ എനിക്ക് തന്ന , ഞാൻ കണ്ടിട്ടില്ലാത്ത , മൂന്ന് വരകളിലൂടെ അമ്മ എന്നെ തലോടി. ആ വികൃതി ചെറുക്കനെ കുറിച്ചോർത്ത് എപ്പോഴോ ഞാൻ ഉറങ്ങി. ഉറങ്ങുന്നതിന് മുമ്പ് ഞാൻ ശ്രീരാമനെ ഓർത്തു. അപ്പോൾ അമ്മ അറിയാതെ ഞാൻ പ്രാർഥിച്ചു , "പയ്യനെ നാളെത്തന്നെ അവിടുന്ന് മാറ്റിത്തരണേ രാമാ......................

# മലയാളം വഴി മാറുന്നു.....

കേരളീയരുടെ മാതൃഭാഷ ഏതാണ് ? ചോദ്യം കേട്ട് ചിരിക്കുകയാണോ? എങ്കിൽ ആ ചിരി മായാൻ സമയമായി . കേരളത്തിലെ പുതിയ തലമുറയെ ഏറ്റവും അധികം ആശയക്കുഴപ്പത്തിൽ ആകുന്ന ചോദ്യം ഇനി ഇതായിരിക്കും . അത്രയ്ക്ക് കഷ്ടമാണ് ഇപ്പോൾ മലയാളത്തിന്റെ സ്ഥിതി. എന്റെ മക്കൾ ഇംഗ്ലീഷ് ഒഴുക്കോടെ സംസാരിക്കുമെന്ന് മാതാപി-താക്കൾ അഭിമാനം കൊള്ളുമ്പോൾ അതിൽ അവരെ തെറ്റ പറയാൻ കഴിയില്ല. കാരണം മാറ്റ ങ്ങളിൽ നിന്ന് മാറ്റങ്ങളിലേക്ക് കുതിക്കുന്ന നമ്മുടെ ഈ ലോകത്ത് പിടിച്ചു നിൽക്കാൻ നമുക്കു സായിപ്പിന്റെ ഭാഷ കൂടിയേതീരു എന്ന യാഥാർത്ഥ്യം നാം ഉൾക്കൊണ്ടേ മതിയാകൂ. എന്നാൽ എന്റെ മക്കൾക്ക് മലയാളം അറിയുകയേയില്ലെന്ന് കൂട്ടിച്ചേർത്ത് പറയുമ്പോൾ അതിൽ അഭിമാനം കൊള്ളുന്ന മലയാളി തെറ്റുകാരൻ തന്നെയാണ്.

മലയാളി മനസ്സിൽ വേരോടികൊണ്ടിരിക്കുന്ന മലയാള ടെലിവിഷൻ ചാനലുകൾ ആണ് നമ്മുടെ മലയാളത്തെ ഇത്രയും മോശമാക്കിയത് എന്ന് നിസ്സംശയം പറയാം. നമ്മൾ കാണുന്നത് ഇംഗ്ലീഷ് ചാനലുകൾ ആണോ എന്ന സംശയിച്ചു പോകുന്ന തരത്തിലാണ് മലയാളികളായ ടെലിവിഷൻ അവതാരകർ പ്രകടിപ്പിക്കുന്ന മംഗ്ലീഷ് കസർത്തുകൾ. ഇവരുടെ ഈ പ്രകടനങ്ങൾ കണ്ടു വഴിപിഴച്ചു പോയില്ലെങ്കിലേ അതിശയിക്കേണ്ടതുള്ളൂ

മലയാളം ചാനലുകൾ സംസാരിക്കേണ്ടത് മലയാളികളുടെ ഭാഷയിലാണ് . മലയാളത്തിലാണ് അല്ലെങ്കിൽ "മലയാളം"ചാനൽ എന്ന പേര് പോലും അധികപ്പെറ്റാകും. ഇവിടെ മലയാളം ചാനലുകളിൽ ഇംഗ്ലീഷ്, തമിഴ്, ഹിന്ദി ഭാഷകളുടെ അതിപ്രസരം ദൃശ്യമാണ്.ഇത്തരം ഭാഷാപരിപാടികൾ ആസ്വദിക്കുന്നതിനു അതതു ഭാഷാ ചാനലുകൾ നമുക്കും ലഭ്യമാണ് എന്നിരിക്കേ എന്തിനാണ് ഈ കാട്ടിക്കൂട്ടലുകൾ? മലയാളം ചാനലുകളിൽ മറ്റു ഭാഷകളിലുള്ള ഗാനങ്ങൾ അരങ്ങു തകർക്കുമ്പോൾ ഏതെങ്കിലും ഇംഗ്ലീഷ് , ഹിന്ദി, തമിഴ് ചാനലിൽ ഒരു മലയാള ഗാനമോ എന്തിനധികം ഒരു മലയാള വാക്കുപോലും കേൾക്കാനാകില്ല . മലയാളിക്കുള്ള ഇത്തരം 'ഭാഷാ സ്നേഹം' അവർക്കൊന്നും ഇല്ലാത്തത് കൊണ്ടാകാം അത് .

മലയാളി മഹിളകൾക്കാണ് മലയാളത്തോട് ഇപ്പോൾ കൂടുതൽ പുച്ഛം. മലയാളം പറഞ്ഞു പോയാൽ തങ്ങളുടെ അഭിമാനം തന്നെ തകർന്നു പോവുന്ന വൻ പ്രതിസന്ധിയിലൂടെയാണ് അവർ കടന്നു പോവുന്നത്. തങ്ങളുടെ മക്കളും മലയാളം പറയരുത് എന്നു അവർക്ക് നിർബന്ധമുണ്ട്. മലയാള ഭാഷയെ പുനർജീവിപ്പിക്കാനുള്ള പത്രങ്ങളുടെ കാൽ വയ്പ്പുകൾ പ്രശംസനീയം തന്നെ. മറ്റു ഭാഷകളോട് ആദരവ് ആകാം പക്ഷേ അതു നമ്മുടെ മാതൃഭാഷയെ തള്ളിപ്പറഞ്ഞു കൊണ്ടാകരുത്. കുട്ടികൾ ഇംഗ്ലീഷ് പഠിച്ചോട്ടെ അതോടൊപ്പം നമ്മുടെ ഭാഷയും അവർ പഠിക്കണം. മലയാളം " കുറച്ചു " അറിയുന്ന മലയാളികൾ ആവരുത് ആ കുരുന്നുകൾ. അങ്ങനെയായാൽ അതു നമ്മുടെ പരാജയമാണ്. മലയാളത്തിന്റെ പരാജയമാണ്.....

# ഞാനും എന്റെ  കുടുംബവും

ഞാനാരെന്നെനിക്കറിയില്ല

നീയാരെന്നെനിക്കറിയില്ല

പക്ഷേ ,എനിക്ക് അറിയുന്ന

രണ്ടു പേരുണ്ട്.................

എന്റെ സ്വന്തം അച്ഛനും, അമ്മയും

എന്റെ ജന്മം മുതൽ എന്നെ

ജീവനെപ്പോലെ നോക്കിയ അവർ

എന്റെ ഓരോ ആഗ്രഹവും

സാധിച്ചുതന്ന അവർ

എന്നെ താലോലിച്ച്

ഉറക്കിയ അവർ

എന്റെ ഉറ്റ

സ് നേഹിതർ അവർ

എന്നും എനിക്ക്

താങ്ങായിട്ടുള്ളവർ

ശ്രീലക്ഷ്മി.എ

V A

# നീർമാതളം പദ്ധതി



# മാതൃസ്നേഹം

അമ്മ യെന്നൊരാ രണ്ടക്ഷരമല്ല
എന്റെയമ്മതൻ മാതൃസ്നേഹം
"ഉണ്ണിക്കിടാവേ" ന്നെന്നെ വിളിച്ചരികിൽ
ഓടിയെത്തുമാ മാതൃസ്നേഹം
അമ്മതൻ മാറോടടുപ്പിച്ച നാൾ മനം
കോരിത്തരിപ്പിച്ച മാതൃസ്നേഹം
എന്നുള്ളം നീറുമ്പോൾ ആശ്വാസമുളവാക്കി
കുളിരായ് തഴുകുമാ മാതൃസ്നേഹം
കുഞ്ഞു കരങ്ങളിൽ മുറുകെപ്പിടിച്ചെന്നെ
നേർവഴി കാണിച്ച മാതൃസ്നേഹം
എന്നുമെന്നോർമയിൽ സൂക്ഷിക്കാൻ
നന്മതൻ നിറകുടമായോരാ മാതൃസ്നേഹം
"അമ്മ" യെന്നൊരാ രണ്ടക്ഷരമല്ല
എന്റെയമ്മതൻ മാതൃസ്നേഹം

എന്ന്
സെൽമാഷെറിൻ
8 സി



# ജന്മഭൂമിക്കായ്................

മായുന്ന ജന്മഭ്രമി,
എന്നെന്നേക്കുമായി മറയുന്ന ഭ്രമി.
മാനവച്ചൂഷണത്താൽ,
പിടയുന്ന ഭ്രമി.
ഉണരൂ ജന്മഭ്രമിക്കായ്
ശ്രവിക്കു അമ്മതൻ രോദനം
ജന്മഭ്രമിതൻ രോദനം
ജനനമരണവികാരങ്ങൾ-
ക്കതീതയാണവൾ,അമ്മ
ആ ജന്മഭ്രമി
ഉണരൂ ജന്മഭ്രമിക്കായ്........
മറന്നുപോകുന്നുവോ നാം?
മറന്നുപോകുന്നുവോ നാം അവളെ........
കൈയിൽ ഏറ്റി തലോടി അവൾ,
മാറത്ത് കിടത്തി ഉറക്കീയവൾ
അമ്മ ആ ജന്മഭ്രമി
താങ്ങായി കൂടെ നിൽപ്പൂ അവളെന്നും
ഉണരുവിൻ അമ്മയ്ക്കായ് ജന്മഭ്രമിക്കായ്................

# ചിലർ ചെയ്തു വച്ചു, പ്രളയം ഒപ്പ് വച്ചു
## പടുത്തുയർത്താം പുതുകേരളം

ഈ നൂറ്റാണ്ടു കണ്ട ഏറ്റവും വലിയ ദുരന്തമാണ് കേരളം നേരിട്ടത് .1924 ൽ ഉണ്ടായ വെള്ളപ്പൊക്കത്തെ കുറിച്ച് കേട്ടുകേൾവിയേ നമുക്കുള്ളൂ. ഇത്തവണ കാലവർഷം തിമിർത്തുപെയ്തു.സുനാമിയിൽ നിന്നും ഓഖിയിൽ നിന്നും കരകയറികൊണ്ടിരിക്കുന്നതിനിടയിൽ വീണ്ടുമൊരു പ്രളയകെടുതി. കാലാവസ്ഥ നിരീക്ഷണവകുപ്പ് പ്രവചിച്ചതിനേക്കാൾ മൂന്നിരട്ടി മഴയാണ് കേരളത്തിൽ ആഗസ്റ്റ് മാസത്തിലെ ആദ്യ പകുതിയിൽ ഉണ്ടായത്. ഉരുൾപൊട്ടലും മണ്ണിടിച്ചലും വ്യാപകമായി. ഡാമുകൾ നിറഞ്ഞുകവിഞ്ഞു. റോഡുകളും പാലങ്ങളും തകർന്നു. കുടിവെള്ള പൈപ്പുകൾ പോലും ഒലിച്ചുപോയി.

പാവപെട്ടവരും പണക്കാരുമെല്ലാം ദുരന്തങ്ങൾക്കിരകളായി.ഏറ്റവും വലിയ രക്ഷാദൗത്യം ഏറ്റെടുത്ത് രംഗത്തുവന്നത് മത്സ്യതൊഴിലാളികളാണ് .സ്വന്തം ജീവൻ പണയപെടുത്തികൊണ്ട് അവർ കൊച്ചു വള്ളങ്ങളും ബോട്ടുകളുമായി സുരക്ഷാസേന അംഗങ്ങളായി.പോലീസ് സേനയും,നേവിയുമെല്ലാം രംഗത്തെത്തി. മായ്ക്കാനും മറക്കാനുമാവാത്ത ഒട്ടനവധി രംഗങ്ങൾ നമ്മുടെ മനസ്സിൽ പച്ചപിടിച്ച് നിൽക്കുകയാണ് . ബോട്ടിൽ സ്ത്രീകളെ കയറ്റുന്നതിനുവേണ്ടി മുതുക് കുനിച്ച് വെള്ളത്തിൽ കിടന്ന ജയ്സൻ എന്ന മത്സ്യ തൊഴിലാളി "ചെരുപ്പഴിക്കാൻ നിൽക്കാതെ കയറികൊള്ളൂ" എന്നു പറഞ്ഞ് തന്റെ ശരീരം തന്നെ ചവിട്ടുപടിയാക്കികൊടുത്ത ആ കാഴ്ച ആർക്കാണ് മറക്കാനാവുക?പരശുരാമൻ മഴുവെറിഞ്ഞ് സൃഷ്ടിച്ച കേരളത്തെ കുറിച്ചല്ല, മത്സ്യത്തൊഴിലാളികൾ തുഴയെറിഞ്ഞ് അതിജീവിച്ച പ്രളയത്തെക്കുറിച്ചാണ് ഇന്ന് ലോകം ചർച്ചചെയ്യുന്നത്.

ദുരന്തങ്ങളെ അഭിമുഖീകരിക്കുമ്പോൾ കരഞ്ഞുകൊണ്ടിരിക്കുകയല്ല കരുത്തോടെ മുന്നോട്ട് പോവുകയാണ് വേണ്ടതെന്ന് നമ്മളെ ഓർമ്മിപ്പിച്ച മറ്റൊരു സംഭവമായിരുന്നു പൂർണ ഗർഭിണിയായ യുവതിയെ അതിസാഹസികമായി കയറിൽ കൊളുത്തിയെടുത്ത് ഹെലികോപ്റ്ററിലേക്ക് കയറ്റി ആശുപത്രിയിൽ എത്തിച്ചതും അവിടെവച്ച് ഒരു ആൺ കുഞ്ഞിന് ജന്മം നൽകിയെന്നുമുള്ള വാർത്ത. പ്രളയശേഷം 5645 ദുരിതാശ്വാസ ക്യാമ്പുകളിലായി 7,24,615 പേർ കഴിയാനിടവന്നു എന്നാണ് ഏകദേശ കണക്ക്.ഉടുതുണിക്ക് മറുതുണിയില്ലാതെ ദുരിതാശ്വാസക്യാമ്പുകളിൽ എത്തിയവർക്ക് അഭയമേകാൻ നാടൊന്നാകെ മുന്നോട്ടുവന്ന കാഴ്ചയാണ് പിന്നിടുണ്ടായത് .

ജാതിമതവ്യത്യാസമില്ലാതെ ആരാധനാലയങ്ങൾ അഭയകേന്ദ്രങ്ങളായി മാറി. അവർക്ക് ഭക്ഷണവും വസ്ത്രവും മരുന്നുമെത്തിക്കാൻ  നാടൊന്നാകെ രംഗത്തുവന്നു . മതസൗഹൃദത്തിൻെറയും സാമുദായിക മൈത്രിയുടെയും വേദികളായി ദുരിതാശ്വാസ ക്യാമ്പുകൾ മാറി. ഇതിനിടയിൽ പ്രളയത്തിന്റെ കാര്യകാരണങ്ങളെ കുറിച്ചുള്ള ചർച്ചകളും സംവാദങ്ങളും നടന്ന . പ്രകൃതി പലപ്പോഴും പ്രവചനങ്ങൾക്കും കണക്കുക്കൂട്ടലുകൾക്കും അതിതയാവുന്നു. പഠനങ്ങളും നിഗമനങ്ങളും ഇനിയും അനിവാര്യമാണ് . പ്രകൃതിദുരന്തങ്ങൾ ഉണ്ടാവാതിരിക്കാനും ദുരന്തങ്ങളുടെ ആഘാതം പരമാവധി കുറയ്ക്കാനുമുള്ള നയങ്ങളും കർമ്മപദ്ധതികളും ഉണ്ടാവേണ്ടതുമുണ്ട് . ദുരന്തത്തിൻെറ അഘാതത്തിൽ നിന്ന് ജനങ്ങളെ മോചിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി ജനങ്ങൾ ഒന്നാകെ കൈകോർത്ത് മുന്നോട്ടുവന്നു . മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക്  സഹായങ്ങൾ പ്രവഹിച്ചു .

കുഞ്ഞുകുട്ടികൾ തങ്ങളുടെ സമ്പാദ്യകുടുക്കകളുമായി മുന്നോട്ടുവന്നത് ആവേശകരമായി. കേരളത്തിലെ വിദ്യാലയങ്ങളിൽ നിന്ന് വിദ്യാർഥികൾ സ്വരൂപിച്ചത് 15 കോടി രൂപയാണ് .ലോകത്താകമാനമുള്ള മലയാളികൾ തങ്ങളുടെ നാടിനുണ്ടായ ദുരന്തത്തിൽ നിന്ന് കരകയറാനുള്ള യജ്ഞത്തിൽ പങ്കെടുത്തു. നമ്മുടെ യുവജനങ്ങളുടെ സാമൂഹ്യപ്രതിബദ്ധത നഷ്ട്പ്പെടുന്നുവെന്ന ആശങ്ക മാറ്റാൻ പ്രളയം ഇടവരുത്തി.

മനുഷ്യൻെറ അമിതചൂഷണത്തിൽ കലിതുള്ളിയൊരു കാലവർഷമാണ് കേരളത്തിൽ ഉണ്ടായത്. വേനലിൽ മഴക്കാലം വഴിതെറ്റിയപ്പോൾ,മഴയിൽ പുഴകൾ വഴിതെറ്റി . വെള്ളം കിട്ടാതെ മരിക്കുന്ന ലോകത്തിൽ, ചിലർ വെള്ളം കുടിച്ചും മരിക്കുന്നു. മനുഷ്യർ പണം ശേഖരിച്ചത് ലക്ഷങ്ങളായാണ് . ക്യാമ്പുകളും മനുഷ്യന് അഭയം നൽകിയത് അങ്ങനെതന്നെ. ഇനി നാം എണ്ണിതുടങ്ങേണ്ടത് ഒന്നു മുതൽക്കാണ്. എതിരിട്ടു എരിഞ്ഞ മോഹങ്ങളെല്ലാം വീണ്ടെടുത്തു . വിശക്കുന്നവന് മതം ചേർക്കാത്ത ചോറും വിയർക്കുന്നവന് ജാതി കലരാത്ത കാറ്റും കൊടുത്ത് പുതുലോകം  നമ്മളിവിടെ പുനർ നിർമ്മിച്ചു കയറിട്ടു കെട്ടിയ ഈ സ്നേഹം വെട്ടിയാലും മുറിഞ്ഞു പോവാതെ സംരക്ഷിക്കേണ്ടതുണ്ട് പ്രളയത്തെ കേരളീയസമൂഹം നേരിട്ട രീതി സംസ്ഥാനസർക്കാറിനും കേരളീയർക്കാകെയും അന്തർദേശിയതലത്തിൽ അതിജീവനത്തിൻെറ പുതിയ മാതൃകയായി .

# ജ്യോതിസ്സ്

സത്യദീപ്തിയായയെങ്ങും നിറഞ്ഞൊരു
നിത്യജ്യോതിസ്സേ നീയെന്നുമെന്നിലെ
അന്ധകാര തിമിരമകറ്റുവാൻ
സത്യജ്ഞാനമായെന്നും തെളിയണേ....

അച്ഛനും ,അമ്മയും, അധ്യാപകന്മാരും,
വിജ്ഞരായുള്ള ലോകജനതയും,
അജ്ഞാനമെല്ലാമകറ്റിയെന്നുള്ളിലെ,
വിജ്ഞാനമായി പ്രകാശിച്ചീടേണമേ......

നിന്നിൽ നിന്നും പകർന്നു ലഭിച്ചൊരാ
നന്മയാകുമറിവിന്റെ തേജസ്സ്...
മന്നിലെന്നും നിറഞ്ഞു വിളങ്ങണേ...
സർവ്വ തേജസ്സിന്നാധാരനായ നീ.

-അഖില.ആർ.കുറുപ്പ്

# വിളക്കു കാണാൻ

ഉണ്ണനീലി ഉണ്ണനീലി
നീയെവിടെ പോകുന്നു
ആയിരം കാവിൽ വെളക്കു കാണാൻ
ആരെല്ലാം ആരെല്ലാം കൂട്ടുവേണം
വാലുനേടീയൊരു കരികുരങ്ങും
ചുണ്ടുചുവന്നൊരു പനകിളിയും
മിന്നാമിനുങ്ങും മാൻകിടാവും
പന്തപ്പുറത്തഞ്ചു തുമ്പ പൂത്തു
തുമ്പകൊണ്ടായിരം തോണി തീർത്തു
തോണിത്തലയ്ക്കലും ഉണ്ണനീലി
ചുണ്ടു ചുവന്ന പനങ്കിളിയും
മിന്നാമിന്നിയും കൂട്ടുകാരും
ആയിരം കാവിൽ വിളക്കു കാണാൻ
ഉണ്ണനീലിക്കിന്നു കൂട്ടുവേണം

അഖില .ആർ.കുറുപ്പ്

# പച്ചക്കറി തോട്ടം





# പ്രകൃതിയാം അമ്മ



സ്നേഹിക്കുന്നു ഞാൻ....
വണങ്ങുന്നു ഞാൻ ....
ആദരിക്കുന്നു ഞാനെൻ....
പ്രിയതായേ നിന്നെ....
നിൻ വെളിച്ചം ഹരമായും!
നിൻ ഇരുൾ വിരഹമായും!
നിൻ തരുക്കൾ അനുഗ്രഹമായും!
നിൻ സൂനങ്ങൾ പ്രണയമായും!
നിൻ ലതയെ ആരോമൽപൈതലായും!
നിൻ വിത്തുകൾ ഗർഭപാത്രത്തിലെ കുഞ്ഞായും!
നിൻ മണ്ണ് ജീവന്റെ തുടിപ്പായും!
പ്രാണികൾ നിൻ മക്കളായും!
മാനവൻ നിൻ മകനായും!
നീ അനുഭവിക്കുന്നു....
നീ അറിയുന്നു....
എന്തേ?നീ പ്രതികരിക്കുന്നില്ല?!
എന്തേ? നീ അലമുറയിടുന്നില്ല?!
മൂർച്ചയേറിയ വാൾകൊണ്ട് കുത്തിക്കീറുന്ന
നിൻ ഹൃദയം എന്തേ പിടയുന്നില്ല?!
കരയൂ,അലമുറയിടൂ...
എങ്കിലേ നിൻ സന്തതിയാം മനുഷ്യന്റെ
അഹങ്കാരത്തിനന്ത്യം സംഭവ്യമാകൂ....

# ഭിന്നശേഷി ദിന പോസ്റ്റർ



# അമ്മ മനസ്സിൻെറ വില

അമ്മയെന്നൊരാ വാക്കിൽ ഒതുങ്ങാത്തതാണെൻെറ
അമ്മ മനസ്സ്
എത്ര വറ്റി വരണ്ടുണങ്ങിയാലും
ഉറവയടയാത്തതാണെൻെറ മാതൃസ്നേഹം
പേരുചെല്ലി വിളിച്ചെന്നെ വാരിപുണരുമ്പോൾ
ആ മനസ്സിൻെറ വെമ്പൽ ഞാനറിഞ്ഞു
വറ്റാത്ത കിണറുപോൽ തീരാത്ത ദാഹം പോൽ
തുളുംമ്പി നിൽക്കുമാ മാതൃസ്നേഹം
എന്നുമെൻെറ തണലായി ,താങ്ങായി എന്നും
നിൽക്കുമെന്നുടെ അമ്മ മനസ്സ്
ആ... അമ്മ മനസ്സ് അറിയാതെ പോകരുതെ
ആ മനസ്സാണ് ജീവൻെറ ഉറവിടം
അമ്മ മനസ്സിൻെറ ആഴം അളക്കാൻ
ഞാൻ ശ്രമിപ്പൂ . കഴിയില്ലെനിക്കീതള്ളയെന്നെഴുതാൻ
ഭാഗ്യമാണെൻ അമ്മ മനസ്സ്
നന്മയും തിന്മയും സത്യവും എന്തെന്ന്
ചൊല്ലി... നേർവഴി കാട്ടുമാ അമ്മ മനസ്സിൻെറ അർത്ഥം
ആ സ്നേഹമനുഭവിക്കാതെപോയാൽ
വ്യർത്ഥമായിപോകുമെൻ ജീവിതം
ഇന്നെൻെറ ജീവിതത്തിൽ അമ്മയാണെനിക്കേറ്റവും
വിലപ്പെട്ടത്
തെല്ലെൻെറ മനസ്സൊന്ന് വിതുംമ്പിയാൽ ഓടി
അരികിലെത്തുമൊശ്വസമായ്
ആ അമ്മ മനസ്സിനായ്
സാദരം കൈകൂപ്പി വണങ്ങിടുന്നു ഞാൻ
അമ്മയില്ലാത്ത അനാദരാം മക്കളെ
നിങ്ങളെത്ര നിർഭാഗ്യവാന്മാർ
ജീവിതത്തിൽ ഏറ്റവും വിലയേറിയതാവുന്നു....
ഇന്നു ഞാൻ സന്തുഷ്ടനാണെൻെറ ജീവിതത്തിൽ
അമ്മയെന്നൊരാ.... ഭാഗ്യലക്ഷ്മിയെ ലഭിച്ചതിന്
സ്നേഹത്തോടെ മാറോടടുപ്പിക്കുമാ
അളനറ്റ പോയെരാ രണ്ടക്ഷരമല്ല എൻെറ
അമ്മതൻ മാതൃസ്നേഹം

സാന്ദ്ര മാതൃ.കെ
viii-c

# നിലവിളക്ക്

ജനിച്ച  നാലാംനാൾ മുതൽ അവസാന
നാൾവരെ  ഞാൻ  സാക്ഷി
നീ  ജനിച്ച് നാലാം നാൾ വീട്ടിലേക്ക്
വന്നപ്പോൾ  മുത്തശ്ശിയും ഞാനുമായി
നിന്നെ സ്വീകരിച്ചു
നിന്റെ പേരിടലിനും
ആദ്യക്ഷരങ്ങൾ  പഠിച്ചപ്പോഴും
നിന്റെ ഓരോ ജന്മനാളിലും  ഓണ-
ത്തിനും വിഷുവിനും നിന്നുടെ ഓരോ
ദിനത്തിന്റെ തുടക്കത്തിലും, അവസാന-
ത്തിലും ഞാൻ  തന്നെ സാക്ഷി
ഒരു പങ്കാളി വന്നപ്പോഴും സ്വീകരിച്ചത് ഞാനാ-
യിരുന്നു. നീ ഈ ലോകം ഉപേക്ഷിച്ച്
പോകുമ്പോഴും നിന്റെ കാൽക്കൽ ജ്വലിക്കുന്ന
അഗ്നിയുമായി എത്ര നേരം നിന്റെ കൂടെ
ഞാൻ ഇരുന്നു...

അഖില.ആർ.കുറുപ്പ്

# വയോധികർക്കായ്

വൃദ്ധസദനത്തിൽ മതിലുകൾക്കരികിൽ ഒരു നിമിഷം നിന്നപ്പോൾ ഞാനറിഞ്ഞു അവയ്ക്കു പറയാനുണ്ട് ഒരായിരം നീറും കഥകൾ. വേദനയുടെ നീരുകുടിച്ചുവറ്റിച്ച ഒരുപാടുപേർ ആ മതിലിനപ്പുറത്തുണ്ട്. തന്നാലാവും കാലങ്ങളിൽ നന്നായി ജീവിച്ച്, മറ്റുള്ളവരെയും സംരക്ഷിച്ച് സ്വയം സംരക്ഷണം ആവശ്യമുള്ളപ്പോൾ വരാന്തകളിലും,റോഡരികുകളിലും ഉപേക്ഷിക്കപ്പെട്ട ഒരുപാട് ജന്മങ്ങൾ. ആ മനസ്സുകൾ വിങ്ങിപ്പൊട്ടുകയാണ്. പെറ്റമ്മയെ വഴിയിലുപേക്ഷിക്കാൻ തക്ക പ്രാപ്തിയുള്ളവരായി മാറികഴിഞ്ഞിരിക്കുന്നു നാം. മാതാപിതാക്കൾക്ക് ദൈവത്തിനൊപ്പമാണ് സ്ഥാനം എന്നാൽ അവരെ ഉപേക്ഷിക്കുന്ന നമ്മുടെ സ്ഥാനം പാതാളത്തിന് ഒപ്പവും സത്യത്തിൽ നാം വൃദ്ധരാകുന്നത് നമ്മുടെ കുറ്റമല്ല മറിച്ച് അത് ഒരു അവസ്ഥയാണ്.വൃദ്ധരാകുംവരെ മക്കളെ സംരക്ഷിച്ച് കഴിയുന്ന മാതാപിതാക്കളെ അവസാനകാലത്തെ കുറച്ചു ദിനങ്ങൾ നോക്കാൻ കഴിയാതിരിക്കുക എന്നത് മക്കളുടെ കഴിവുകേട് തന്നെയാണ്. വയോധികർക്ക് ഒരു പ്രത്യേകസംരക്ഷണം വേണ്ടി വരും കാരണം അവർ ദുർബലരാണ് അവർക്ക് പരസഹായം കൂടിയേതീരു....

അവരെ സഹായിക്കാനല്ലേ അവർക്ക് നല്ല ആരോഗ്യവും ശക്തിയുമുള്ള മക്കളെ ഈശ്വരൻ കൊടുക്കുന്നത്. എന്നാൽ അവരെ ഭാരമായി തോന്നിയാൽ ക്ഷേത്രങ്ങളിലും മറ്റും നടതള്ളുവാനുമല്ലേ നമുക്കറിയൂ. ജീവിതം മുഴുവൻ നമുക്കായി ജീവിച്ചുതീർത്ത മാതാപിതാക്കൾ അവസാനത്തിൽ നമ്മുടെ ഭാരമായി മാറുന്നു അഥവാ നാം നമ്മുടെ ഭാരമായി കാണുന്നു. നമ്മുടെ കൈയ്യിൽ നിന്നുള്ള ഒരു ചോറുരുള മതി അവരുടെ വയറും മനസ്സും നിറയാൻ എന്നാൽ അതു ചെയ്യാൻ പോലും നാം തയ്യാറാകുന്നില്ല.അവരുടെ കണ്ണിൽ നിന്നു വീഴുന്ന ഓരോ തുള്ളി കണ്ണുനീരിനും നാം എണ്ണിയെണ്ണി വിലപറയേണ്ടി വരും. നമ്മളെ നമ്മളാക്കുന്നത് അവരാണ് എന്നാൽ അതിനുശേഷം നമ്മൾക്ക് നമ്മുടെ മാത്രം കാര്യം , അത് എങ്ങനെ ശരിയാകും.സ്നേഹിക്കുന്ന മക്കളുടെ ഒരു ദേഷ്യം കൊണ്ടുള്ള അല്ലെങ്കിൽ വെറുപ്പുകൊണ്ടുള്ള നോട്ടം പോലും ശരീരത്തേക്കാളുപരി അവരുടെ മനസ്സിനെ തളർത്തും. ഒരു കാര്യം ചിന്തിക്കുക നമുക്കും മക്കളുണ്ടാകും നമ്മളും വയോധികരാകും. നാം ചെയ്യുന്നത് കണ്ടു വളർന്ന നമ്മുടെ മക്കൾ നമ്മൾ ചെയ്യതിലുപരി നമ്മെ ദ്രോഹിക്കും .

"താൻ താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ
താൻ താൻ അനുഭവിച്ചേ വരൂ........."

അതിനാൽ നമ്മുടെ മാതാപിതാക്കളുടെ സംരക്ഷണം നമ്മുടെ കടമയാണ്.അതിനായി മുന്നിട്ടിറങ്ങൂ ഇനിയും നാം കാണരുത് ദുരിതമനുഭവിക്കും വയോധികരെ.

സുപ്രഭ.പി.പി

# I.S.R.O പവിലിയൻ സന്ദർശനം









# വേനൽ

എരിയുന്ന വേനലിൽ
പൊരിയുന്ന ഭൂവിനായ്
ഒരു ജീവനാളവും അണയുകയായ്
ഒരു ജീവനാളവും അണയുകയായ്...

നിറമേകിയ സ്വപ്നങ്ങൾ
നിറമണിഞ്ഞ ഓർമ്മകളായ്
വരണ്ടുണങ്ങിയ മനസ്സുകളിൽ
വേനൽമഴയായ് പെയ്യുകയായ്

തളിരിട്ട നാമ്പുകൾ കരിയുമ്പോൾ
വേരറ്റു വീഴുമീ വൻമരങ്ങൾ
ദാഹാർത്തയാം വേഴാമ്പലും
ഉരുകുന്ന പ്രാണനാൽ പിടയുകയായ്

കളിവഞ്ചിയൊന്നു തുഴഞ്ഞു പോകാൻ
ഒഴുകുന്ന പുഴയില്ല ഓളവുമില്ല,
മണൽക്കാറ്റുമാത്രം വീശിയെത്തുമ്പോൾ
കണ്ണീരണിഞ്ഞതു കരടിനാലല്ല

ചുറ്റോട്ടു ചുറ്റിനും നോക്കുന്ന നേരം
പിടയുന്ന മനസ്സിനെ സ്വാന്തനിപ്പിക്കാൻ
തൈമാവിൽ ചില്ലകൾ തലയാട്ടി നിൽക്കവേ
കാത്തിരിക്കയാണൊരു മാമ്പൂ കാണുവാൻ

# അപരിചിതൻ

കുട്ടിക്കാലത്തെ എന്റെ ഏറ്റവും വലിയ ആഗ്രഹം ഒരു പ്രഭുവാകുക എന്നതായിരുന്നു. ചിലന്തി വലകൾ കെട്ടിയ ഭീകരത ദ്യോതിപ്പിക്കുന്ന ഡ്രാക്കുള കോട്ടകൾ എന്നും എന്നെ മോഹിപ്പിച്ചിരുന്നു . പൗരാണികതയുടെ ആ മണം എന്റെ സിരകളെ ത്രസിപ്പിച്ചിരുന്നു. നിരീശ്വരവാദി എന്നു കൂട്ടുകാർ ചെല്ലപ്പേരിട്ടുവെങ്കിലും ഞാൻ താളിയോലകളും കൊട്ടാരങ്ങളും തിരയുകയായിരുന്നു. ആ പേരിന്റെ അർത്ഥം എന്നെങ്കിലും അവർ അറിഞ്ഞിരുന്നോ ആവോ! മാർക്സിസം എന്നിൽ ചെലുത്തിയ സ്വാധീനം വളരെ വലുതായിരുന്നു . പൊതുവേ അന്തർമുഖനും ഏകാകിയുമായിരുന്ന എനിക്കുണ്ടായ മാറ്റം മറ്റു പലരോടൊപ്പം തന്നെ എന്നിലും അത്ഭുതം സൃഷ്ടിച്ചു. .സ്കൂൾ പഠന കാലത്തു തന്നെ ചെങ്കൊടിയുടെ സൗന്ദര്യം എന്നെ ആകർഷിച്ചിരുന്നു. വായനയിലൂടെ നേടിയെടുത്ത ലോക പരിചയം മനുഷ്യനെ വെറുക്കുന്നതിനാണ് പ്രേരിപ്പിച്ചത്. ആ ചിന്ത മാറ്റിയെടുക്കാൻ തന്നെ കൊല്ലങ്ങൾ വേണ്ടി വന്നു.

മുഖ്യധാരാ രാഷ്ട്രീയത്തിലേക്ക് ഞാൻ ഉയർന്നുവരാൻ അധികം താമസമുണ്ടായില്ല. എന്നെ കാത്തു നിന്ന ആ ലോകം എന്റെ പ്രതീക്ഷകളെയും സ്വപ്നങ്ങളെയും മുളയോടെ ചവുട്ടിക്കൂട്ടി . യാഥാർത്ഥ്യങ്ങളുടെ കനം തൂങ്ങുന്ന ഭാണ്ഡവുമായി ഞാൻ യാത്രയായി ; ആ സ്വപ്ന ഭൂമിയിലേക്ക്. പൂർവികരുടെ വിയർപ്പിന്റെ മണം കെട്ടി നിൽക്കുന്ന ആ സ്ഥലം എന്നും അവിടുത്തെ ഏകാന്തതയ്ക്ക് പേരു കേട്ടതായിരുന്നു . പൗരാണികത നിറഞ്ഞു നിന്ന ആ സ്ഥലം തന്റെ ഗവേഷണത്തിനു ചേർന്നതാണ് എന്നു സൂര്യചന്ദ്രാദിഗോളങ്ങൾ വിളിച്ചു പറയുന്നതു പോലെ തോന്നി. സ്വപ്നം കാണാൻ പഠിച്ചത് അവിടെ നിന്നാണ്. ഒരു സ്വപ്നത്തിനു ജീവിതത്തിൽ ചെലുത്താൻ കഴിയുന്ന മാറ്റത്തെക്കുറിച്ചുള്ള പ്രത്യേക പഠനമൊന്നും എനിക്കു വേണ്ട.

ആ............ വയ്യാ.......... മുന്നിൽ അവ്യക്ത രൂപങ്ങൾ ,സ്വരങ്ങൾ. ഹൃദയം പൊട്ടിത്തെറിക്കുമെന്നു തോന്നുന്നു.

“മിസ്റ്റർ, നിങ്ങൾ ആളെ കളിയാക്കരുത്. ഇത് സേവന ഹോസ്പിറ്റലൊന്നുമല്ല. ഒരിക്കൽ കൂടി പറഞ്ഞേക്കാം,ഫസ്റ്റ് ഫീസ്,ദെൻ അഡ്മിഷൻ. ദാറ്റ്സ് അവർ പോളിസി.”

“ഓകെ. ശരി. ചീഫ് ഡോക്ടറെങ്കിലും ഒരു മനുഷ്യ ജീവനു വില കൽപിക്കുമെന്നു കരുതി. ഞങ്ങൾ വിട്ടു.”

“വേണ്ട,വേണ്ട.എന്നാൽ നിങ്ങൾ ഇപ്പോൾ പകുതി ക്യാഷ് അടച്ചാൽ മതി.ബാക്കി വൈകുന്നേരത്തിനകം കിട്ടിയാൽ മതി.”

"പകുതി ക്യാഷ്! ഇരുപത്തഞ്ചു ലക്ഷം!ഡോക്ടർ......!”

“വാട്ട്സ് ദ മാറ്റർ? ഈ കിടക്കുന്ന മനുഷ്യൻ നിങ്ങൾ പറഞ്ഞ വ്യക്തി തന്നെയെങ്കിൽ, ഇറ്റീസ് എ സ്മോൾ കോസ്റ്റ് ഫോർ ഹിം.”

“പക്ഷേ........ ഡോക്ടർ, ഞങ്ങൾ ഈ തുകയെങ്ങനെ...... പോരാത്തതിന് ഇതയാൾ തന്നെയെന്ന് യാതൊരുവിധ ഉറപ്പുമില്ല.”

“ഓ മാൻ, ബി പോസിറ്റീവ്. ഇതയാൾ തന്നെയെങ്കിൽ കോടികളാണ് നമ്മുടെ കൈയിൽ എത്തിച്ചേരാൻ പോകുന്നത് .നൗ നോ ക്വസ്റ്റിൻസ്,നോ ഒബ്ജക്ഷൻസ്.......................

"മോനേ"

ആരെങ്കിലുമെന്നെ വിളിച്ചോ ! അമ്മ? ചുടുകണ്ണീരാണോ എന്റെ കൈയിൽ ഇറ്റി വീണത്?മുറിക്കുള്ളിൽ ആരോ കരയുന്നു .എന്റെ ആത്മാവു തന്നെയാണോ അത്? എന്തു പറ്റി എനിക്ക്? അമ്മേ എന്നൊന്ന് ശബ്ദമുയർത്തി വിളിക്കാനായെങ്കിൽ!

എന്നെ ഈ നിലയിൽ എത്തിച്ചത് എന്റെ തലതിരിഞ്ഞ ആശയങ്ങളാണ്. എങ്കിലും തോറ്റു കൊടുക്കാൻ എന്റെ മനസ്സനുവദിച്ചില്ല. എങ്ങനെയും ഉയരണമെന്ന ചിന്തയിൽ ഞാൻ എന്റെ സത്യത്തെ തന്നെ മറന്നു . എനിക്ക് എല്ലാത്തിനോടും പകയായിരുന്നു. എന്നിലെ ആഗ്രഹങ്ങളെയും സ്വപ്നങ്ങളെയും തകർത്തെറിഞ്ഞ ഈ ലോകത്തെ തന്നെ ഞാൻ വെറുത്തു . എനിക്ക് എല്ലാവരേയും തോൽപിക്കണമായിരുന്നു. പക്ഷേ...........എന്റെ അഭിമാനത്തെ അടിയറവു വെച്ചില്ല എന്ന വിശ്വാസത്തോട് കൂടി എനിക്കിനി മരിക്കാം......................

# വിദ്യാലയ ഉദ്യാനം












## — നന്ദിയോടെ —

**ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്**

**എൽ.എസ്.എൻ ജി.എച്ച്.എസ്.എസ്, ഒറ്റപ്പാലം**


L.S.N. GIRLS HIGHER SECONDARY SCHOOL
OTTAPALAM
സുരക്ഷാ ക്ലബ്ബ്
L.S.N.G.H.S.S
OTTAPALAM
പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം
സ്കൂൾതല ഉദ്ഘാടനം
2017 ജനുവരി 27. 10 am.